**അടിയന്തര പ്രമേയം**

**യുവാക്കളുടെ ആത്മഹത്യ**

മി. സ്പീക്കർ: വധശ്രമം ആരോപിച്ച് പോലീസ് കള്ളക്കേസെടുത്ത തിന്റെ മനോവിഷമത്തിൽ തിരുവനന്തപുരം കുളത്തൂർ സ്റ്റേഷൻകടവിനു സമീപം രണ്ട് യുവാക്കൾ ട്രെയിനിൽ തലവച്ച് ആത്മഹത്യചെയ്ത നിലയിൽ കണ്ടെത്തിയതിനെത്തുടർന്ന് മരണപ്പെട്ട യുവാക്കളുടെ കുടുംബങ്ങളും ബന്ധുക്കളും ജനങ്ങളാകെയും ആശങ്കയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽകുമാർ, സി.കെ. നാണു, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

എനിക്ക് എല്ലാവരോടും ഒരു അഭ്യർത്ഥനയുള്ളത്, നമ്മൾ ഇവിടെ തീരുമാനിച്ചതനുസരിച്ച് രണ്ടാമത് റൂൾ 130 അനുസരിച്ചുള്ള ചർച്ച എടുക്കുന്നുണ്ട്. നാളെ നിയമസഭയില്ലാത്തതുകൊണ്ട് പലർക്കും ആറ് മണിക്കുള്ള ട്രെയിനിൽ നാട്ടിലേയ്ക്ക് പോകേണ്ടതുണ്ട്. അതുകൊണ്ട് പ്രസംഗിക്കുന്നവരും മറുപടി പറയുന്നവരും തീർച്ചയായും നിയന്ത്രണം പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എന്നോട് എല്ലാവരും പറഞ്ഞത് പറഞ്ഞുവെന്നു മാത്രമേയുള്ളൂ. അത് ഞാനിവിടെ ഓർമ്മിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 29–01–2014 പുലർച്ചെ 3.30 മണിയോടെ കുളത്തൂർ ഹൈസ്കൂളിന് സമീപം താമസിക്കുന്ന ഡി.വൈ.എഫ്.ഐ പ്രവർത്തകരായ മച്ചാൻ എന്ന ശ്രീജിത്തും, കുളത്തൂർ എസ്.എൻ നഗറിൽ മണക്കാട്ടിൽ വീട്ടിൽ കണ്ണൻ എന്ന നിധീഷും(24 വയസ്സ്) തുമ്പ വി.എസ്.എസ്.സി–ക്കു സമീപം റെയിൽവേ ട്രാക്കിൽ ട്രെയിൻ കയറി മരിച്ചു കിടക്കുന്നതായി കാണപ്പെട്ടു. ശ്രീജിത്തിന്റെ ബന്ധുവായ സുബ്രഹ്മണ്യന്റെ മൊഴിപ്രകാരം തുമ്പ പോലീസ് സ്റ്റേഷനിൽ സി.ആർ.പി.സി 174–ാം വകുപ്പു പ്രകാരം ക്രൈം 99/2014 ആയി കേസ് രജിസ്റ്റർ ചെയ്തു. നാട്ടുകാർ മരണത്തിൽ സംശയമുന്നയിക്കുകയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ഇൻക്വസ്റ്റ് നടത്തണമെന്ന് ആവശ്യപ്പെട്ടപ്രകാരം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരായ ശ്രീ. പി. ടി. ശിവദാസ്, ശ്രീ. കെ.ആർ. മണികണ്ഠൻ എന്നിവരുടെ നേതൃത്വത്തിൽ ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കിയ ശേഷം മൃതദേഹങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി യിൽ പോസ്റ്റ്മോർട്ടം നടത്തി. പ്രസ്തുത കേസിന്റെ അന്വേഷണം മെഡിക്കൽകോളേജ് സർക്കിൾ ഇൻസ്പെക്ടറാണ് നടത്തിവരുന്നത്. മരണ പ്പെട്ട നിധീഷിന്റെ പോക്കറ്റിൽനിന്നും "ചെയ്യാത്ത കുറ്റത്തിന് ജയിലിൽ പോകാൻ വയ്യ, ജീവിച്ചിരുന്നിട്ടും കാര്യമില്ല. ഇതിന്റെ പേരിൽ പ്രശ്നങ്ങൾ വീണ്ടും വരും" എന്നെഴുതിയ ഒരു ആത്മഹത്യാകുറിപ്പ് കണ്ടെത്തിയിട്ടുണ്ട്. തുമ്പ പോലീസ്സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പുതുവൽപുത്തൻവീട്ടിൽ താമ സം വിനയൻ എന്ന ആളിന്റെ മകൻ 21 വയസ്സുള്ള ജിതിനെ 19–01–2014 രാത്രി ഒൻപത് മണിയോടെ കുളത്തൂർ ഹൈസ്ക്കുളിന് സമീപം വച്ച്, മരണ പ്പെട്ട നിധീഷും ശ്രീജിത്തും അവരോടൊപ്പം ലക്ഷ്മീനാരായണനും മറ്റ്

കണ്ടാലറിയാവുന്ന രണ്ടുപേരും ചേർന്ന് തടഞ്ഞുനിർത്തി കത്തികൊണ്ട് കുത്തിയും കരിങ്കല്ലുകൊണ്ട് ഇടിച്ചും ദേഹോപദ്രവമേൽപ്പിച്ചു എന്നും ജിതിന്റെ ഒന്നരപവന്റെ സ്വർണ്ണമാല പിടിച്ചുപറിച്ചുവെന്നും മൊബൈൽഫോൺ തട്ടിയെടുത്തുവെന്നും 20–01–2014 രാത്രി 9.30–ഓടുകൂടി ജിതിൻ തുമ്പ പോലിസ് സ്റ്റേഷനിലെത്തി പരാതിപ്പെട്ടിരുന്നു. ഈ കാര്യത്തിൽ തുമ്പ പോലീസ് സ്റ്റേഷനിൽ മേൽപ്പറഞ്ഞ അഞ്ചുപേരെ പ്രതികളാക്കി ഐ.പി.സി 342, 324, 308, 395 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 74/2014 ആയി കേസ് രജിസ്റ്റർ ചെയ്ത് മെഡിക്കൽ കോളേജ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു. ഈ സംഭവത്തിനുശേഷം നിധീഷും ശ്രീജിത്തും ഒളിവിൽകഴിഞ്ഞു വരുമ്പോഴാണ് ഇരുവരുടേയും മൃതദേഹം റെയിൽവേ ട്രാക്കിൽ കാണപ്പെട്ടത്. മരിച്ച വ്യക്തികൾക്കെതിരായുള്ള കേസ് ഒത്തു തീർപ്പാക്കുന്നതിന് വലിയ തുക നൽകണമെന്ന് വാദി ജിതിന്റെ അച്ഛനും മറ്റു ചിലയാളുകളും മരിച്ച ശ്രീജിത്തിന്റെ വീട്ടിൽചെന്ന് ഭീഷണിപ്പെടുത്തിയതായി ശ്രീജിത്തിന്റെ വീട്ടുകാർ ആരോപിക്കുന്നുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഇവർ ആത്മഹത്യ ചെയ്യുന്നതുവരെ യാതൊരുവിധ പരാതികളും പോലീസ് സ്റ്റേഷനിലോ മറ്റ് പോലീസ് ഉദ്യോഗസ്ഥൻമാർക്കോ ലഭിച്ചിട്ടില്ല. ഈ കേസിനോടനുബന്ധിച്ച് ആത്മഹത്യ ചെയ്തവരെ പോലീസ് കസ്റ്റഡിയിലെടുക്കുകയോ അവരുടെ മാതാപിതാക്കളെ പോലീസ് സ്റ്റേഷനിൽ വിളിച്ചു വരുത്തുകയോ ചെയ്തിട്ടില്ല. നിധീഷിനും ശ്രീജിത്തിനുമെതിരായി രജിസ്റ്റർ ചെയ്തിരിക്കുന്ന കേസിൽ മെഡിക്കൽ കോളേജ് എസ്.ഐ സാക്ഷികളുടെ മൊഴി എടുക്കുകയും വാദി ആശുപത്രിയിൽ ചികിത്സിച്ച രേഖകൾ ശേഖരിക്കുകയും പ്രതികളെ കസ്റ്റഡിയിലെടുക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു.

വാദി തിരുവനന്തപുരം ജനറൽ ആശുപത്രിയിലും മെഡിക്കൽകോളേജ് ആശുപത്രിയിലും ദന്തൽകോളേജിലും ചികിത്സ നടത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ സംഭവത്തേയും അതിനോടനുബന്ധിച്ചു ഉയർന്നു വന്നിട്ടുള്ള എല്ലാ ആരോപണങ്ങളെ സംബന്ധിച്ചും വിശദമായി അന്വേഷണം നടത്താൻ വേണ്ടി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രി ഇവിടെ നൽകിയ വിശദീകരണം ഏതെങ്കിലും പോലീസ് അധികാരി കൾ എഴുതിക്കൊടുത്തതാകാമെങ്കിലും ശുദ്ധ അസംബന്ധമാണെന്ന് പറയുന്നതിൽ എനിക്ക് വേദനയുണ്ട്. യഥാർത്ഥത്തിൽ കഴക്കൂട്ടം കുളത്തൂർ കോലത്തുകര ശ്രീജിത്ത്, എസ്.എൻ.നഗറിൽ നിധീഷ്, രണ്ടു പേരും സാധാ രണ തൊഴിലാളികളാണ്. ഒരാൾ ടെമ്പോ ക്ലീനറും മറ്റൊരാൾ ഇലക്ട്രീഷ്യനു മാണ്. ഇവർ ഒരു ദിവസം വൈകുന്നേരം ജോലികഴിഞ്ഞ് പോകുന്നതിനിട യിൽ അവരുടെ കൂട്ടുകാരനും അയൽവാസിയുമായ യൂത്ത് കോൺഗ്രസിന്റെ യൂണിറ്റ് കമ്മിറ്റിയുടെ പ്രസിഡന്റ് ജിതിനുമായുള്ള തമാശകൾ ഒടുവിലൊരു തർക്കമായി വളരുകയും അതിന്റെ ഭാഗമായി ചില അസ്വാരസ്യങ്ങളുണ്ടാവു കയും ചെയ്തു. ജിതിൻ അതൊരു രാഷ്ട്രീയ പ്രശ്നമാക്കി വളർത്തിയെടു ത്തു. അദ്ദേഹം വളർത്തിയെടുക്കാൻ ശ്രമിച്ച കേസ്, യൂത്ത്കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ഡീൻ കുര്യാക്കോസിന്റെ മാർച്ച് തടയാൻ ഇവർ ശ്രമിച്ചു എന്നൊരു കള്ളക്കേസായിരുന്നു. ആ കള്ളക്കേസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ നിരന്തരമായി പോലീസ് ഈ രണ്ടു പാവപ്പെട്ട തൊഴിലാളി യുവാക്കളെയും വേട്ടയാടാനാരംഭിച്ചു. മുൻ ശിവസേനക്കാരനും ഒരുപാടു

ക്രിമിനൽ കേസുകളിൽ പ്രതിയുമാണ് ജിതിൻ എന്നു പറയുന്ന വ്യക്തി. തുടർച്ചയായുള്ള ഭീഷണികളിൽ ഭയപ്പെട്ട് വീട്ടിൽ ഒളിച്ചും പാത്തും കഴിയുക യായിരുന്നു ഈ രണ്ടു ചെറുപ്പക്കാർ. അവസാനം ഇവരുടെ വീടുകളിൽ പോയി ഭീഷണിപ്പെടുത്തുന്നത് പതിവായതിന്റെ കൂട്ടത്തിലാണ് ആഭ്യന്തരവ കുപ്പു മന്ത്രി തന്നെ ഇവിടെ പറഞ്ഞതുപോലെ മൂന്നു ലക്ഷം രൂപ പ്രതിഫലമായി തന്നാൽ മാത്രമേ ഈ കേസിൽ നിന്ന് രക്ഷപ്പെടുത്താൻ പറ്റൂ, അല്ലെങ്കിൽ വധശ്രമത്തിന് കേസെടുക്കുമെന്ന് ജിതിനും കൂട്ടുകാരും ഭീഷണി പ്പെടുത്തിയത്. പല്ലൻ മണികണ്ഠൻ, മൊണ്ടി സുരേഷ്, പ്രണവ്, ജിതിൻ തുടങ്ങിയ നാലുപേരും ഒരു ദിവസം രാത്രിയിൽ ഈ വീട്ടിൽ ചെന്ന് ഭീഷണി പ്പെടുത്തുകയും പണം തന്നില്ലെങ്കിൽ വധശ്രമത്തിന് കേസെടുത്ത് ഒരിക്കലും തിരിച്ചു വരാത്ത സ്ഥിതിയുണ്ടാക്കുമെന്നും ഭീഷണിപ്പെടുത്തി. ഈ സാഹചര്യത്തിൽ, മുൻകൂർ ജാമ്യം നേടാൻ പണമില്ലാത്ത പശ്ചാത്തലത്തിൽ, ചെയ്യാത്ത കുറ്റത്തിന്, നാട്ടിൻപുറത്തു നടന്ന ചെറിയൊരു വാക്കുതർക്ക ത്തിന്റെ പേരിൽ കൊലക്കേസിൽ പ്രതികളായി ജയിലറയിൽ പോകേണ്ടി വരുമെന്ന വേദനകൊണ്ടാണ് ഒരാത്മഹത്യക്കുറിപ്പ് എഴുതിവച്ച് ഈ പാവപ്പെട്ട ചെറുപ്പക്കാർ ഒരു ലുങ്കികൊണ്ട് അരക്കെട്ട് പരസ്പരം കൂട്ടിക്കെട്ടി മുംബൈ – തിരുവനന്തപുരം എക്സ്പ്രസ്സിൽ തല വച്ച് മരിച്ചത്. അത് വളരെ ലാഘവ ത്തോടുകൂടി ആഭ്യന്തര വകുപ്പുമന്ത്രി പറയുകയാണ്. പോലീസ് കൊടുക്കുന്ന ഇത്തരം റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കേണ്ട കാര്യം ഇതൊരു ഒറ്റപ്പെട്ട കേസല്ല. ഇതുപോലെയുള്ള നിരന്തരമായ വാർത്തകൾ കേരളത്തിലെ പോലീസുമായി ബന്ധപ്പെട്ടു വരികയാണ്. കഴക്കൂട്ടം മണ്ഡല ത്തിൽനിന്നുതന്നെയുള്ള മറ്റൊരു വാർത്ത കഴിഞ്ഞ ദിവസം വായിച്ചത്. വി.എസ്.എസ്.സി–യിലെ ഡ്രൈവർ രാധാകൃഷ്ണൻ, ഭാര്യ ബീന, അരയ്ക്കു

താഴെ തളർന്നു കിടക്കുന്ന പതിനാലുകാരിയായ മകൾ നീതു എന്നീ മൂന്നു പേരും കൂട്ട ആത്മഹത്യ ചെയ്തു. ഈ സഭ സമ്മേളിക്കുന്നതിനിടയിൽ കഴിഞ്ഞ അഞ്ചു ദിവസത്തിനിടയിൽ അഞ്ചുപേർ ആത്മഹത്യ ചെയ്തത് പോലീസിനെ ഭയപ്പെട്ടിട്ടാണ്. യഥാർത്ഥത്തിൽ ഉണ്ടായത്. വി.എസ്.എസ്.സി-യിലെ ഈ ഡ്രൈവർ തൊഴിൽ കഴിഞ്ഞ് പോകുന്ന സമയത്ത് ഒരുതർക്കം കണ്ടപ്പോൾ ആ തർക്കത്തിൽ ഇടപെട്ട് പരിഹാരത്തിന് ശ്രമിച്ചതാണ്. പോലീസിനറിയാം, അദ്ദേഹം മദ്ധ്യസ്ഥം വഹിച്ചതാണെന്ന്. ആ മദ്ധ്യസ്ഥം നടപ്പാക്കാത്തത് വി.എസ്.എസ്.സി-യുടേയോ അല്ലെങ്കിൽ താൽക്കാലിക ഡ്രൈവറുടെയോ പ്രശ്നമായിരുന്നു. ആ പ്രശ്നത്തിന്റെ പേരിൽ അരയ്ക്കുതാഴെ തളർന്നു കിടക്കുന്ന മകളുടെയും ഭാര്യയുടെയും മുന്നിൽ വച്ച് നട്ടുച്ചയ്ക്ക് അദ്ദേഹത്തെ ബലം പ്രയോഗിച്ച് വീടുവളഞ്ഞ് അറസ്റ്റ് ചെയ്ത് പോലീസ് കൊണ്ടു പോകുകയാണ്. യഥാർത്ഥത്തിൽ അദ്ദേഹം ഒരു പ്രതിയല്ല, ഒരു കേസിൽ ഭാഗഭാക്കല്ല. ഒരു ടെമ്പോ തട്ടിയതിന്റെ പേരിൽ ഉണ്ടായ ഒരു ചെറിയ തർക്കം പരിഹരിക്കാൻ മദ്ധ്യസ്ഥം വഹിച്ചു. ഇയാൾ ദാവൂദ് ഇബ്രാഹിമോ അധോലോക നായകനോ അല്ലെന്ന് പോലീസിനറിയാം. പക്ഷേ ആരുടെയോ സമ്മർദ്ദത്തിനു വഴങ്ങി, ഏതോ കോൺഗ്രസ് നേതാക്കളുടെ സമ്മർദ്ദത്തിനു വഴങ്ങി വീട്ടിൽവച്ച് മകളുടെയും ഭാര്യയുടെയും മുന്നിൽ വച്ച് വീടു വളഞ്ഞ് അറസ്റ്റു ചെയ്തതിലുള്ള അപമാനഭാരം കൊണ്ട് അരയ്ക്കു താഴെ തളർന്നു കിടക്കുന്ന നീതുവിന് വിഷം കൊടുത്ത് ഇവർ ആത്മഹത്യ ചെയ്യുകയായിരുന്നു. ഇത്തരം സംഭവങ്ങളിലെല്ലാം ഈ സഭയിലെ ഒരു ഭരണ കക്ഷി എം.എൽ.എ-യുടെ പിന്തുണയും പോലീസിലുള്ള അമിതമായ സ്വാധീനവുമാണ് കാരണമെന്ന ആക്ഷേപം പത്രങ്ങളിൽ വന്നുകൊണ്ടേയിരിക്കുകയാണ്. അവിടെ അവസാനിക്കുന്നില്ല. ഇന്നലെയാണ് എന്റെ മണ്ഡലമായ

പൊന്നാനിയിലെ  ഒരു വിഷയം ഞാൻ പറഞ്ഞത്. കേരളത്തിലെ പോലീസ് എടുക്കുന്നൊരു സമീപനമാണ്. ചങ്ങരംകുളത്ത്.........

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, അത് ശരിയല്ല. അടിയന്തര പ്രമേയത്തിനാധാരമായ കാര്യങ്ങൾ മാത്രം പറഞ്ഞാൻ മതി.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ തുടങ്ങിയിട്ട് നാലു മിനിട്ടുപോലുമായിട്ടില്ല.

മി. സ്പീക്കർ: സമയമുള്ളതുകൊണ്ട് എന്തും പറയാൻ സാധിക്കുമോ; നോ, അത് ശരിയല്ല. ഒന്നാമത് ഇത് അടിയന്തര പ്രമേയം അവതരിപ്പിക്കേണ്ട ഒരു വിഷയമല്ല.  ഇത് അടിയന്തിരപ്രമേയമായി തരേണ്ടതല്ല. പിന്നെ ഞാൻ നിഷേധിച്ചില്ലെന്നു മാത്രമേയുള്ളൂ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഇതെല്ലാം കേരളത്തിലെ പോലീസ് സേനയുമായി പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന പ്രശ്നങ്ങളാണ്.

മി. സ്പീക്കർ: നോ, അങ്ങനെ  എല്ലാം കയറി പറയേണ്ട സ്ഥലം നിയമസഭയല്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, എന്താണ് ആ കുറിപ്പിലുള്ളത്. ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥ കൊണ്ട് സംഭവിച്ചുകൊണ്ടിരിക്കുന്ന മരണങ്ങളുടെയും പീഡനങ്ങളുടെയും കഥകളാണ് പറയുന്നത്.

മി. സ്പീക്കർ: പ്രസംഗത്തിന് ധാരാളം സമയമുണ്ടല്ലോ. അപ്പോൾ അത് പ്രസംഗിക്കാം. പ്രത്യേകമായ പരിരക്ഷ ഉപയോഗിച്ചുകൊണ്ട് അടിയന്തര പ്രമേയത്തിൽ സംസാരിക്കാൻ കഴിയില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ചങ്ങരംകുളത്ത് ഒരു ക്രിമിനൽ സംഘത്തിന്റെ താൽപ്പര്യത്തിനുവേണ്ടി, നിരവധി കേസുകളിൽ പ്രതിയായി

ട്ടുള്ള ഒരു കുറ്റവാളിക്ക് ടെലിഫോണിൽ ഒരു മെസേജ് കൊടുത്തതിന്റെ പേരിൽ പിടിച്ചുകൊണ്ടുപോയി വലിയ മർദ്ദനം നടത്തി രാത്രിതന്നെ റഫറൽ ഹോസ്പിറ്റലിൽ കൊണ്ടുപോകുകയും പുലർച്ചെതന്നെ മരണമടയുകയും ചെയ്ത കാര്യം ഇന്നലെയിവിടെ സബ്മിഷനായി വന്നു. അതിനും ആഭ്യന്തര വകുപ്പു മന്ത്രി നൽകിയ വിശദീകരണം അദ്ദേഹം എന്തോ കുറ്റം ചെയ്തു എന്നാണ്.

<u>മി. സ്പീക്കർ</u>: ഇക്കാര്യത്തെ സംബന്ധിച്ച് അങ്ങ് ഇന്നലെ രാവിലെ തന്ന സബ്മിഷന് മറുപടി നൽകിയതാണല്ലോ.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഞാനതിനെകുറിച്ച് പറയുന്നില്ല. ഇതു പോലുള്ള നിരവധി കേസ്സുകളുണ്ട്. തൊട്ടപ്പുറത്ത്, എടപ്പാളിൽ ഒരു ലോഡ്ജു ടമ കൊലചെയ്യപ്പെട്ടു. ആ ലോഡ്ജുടമയുടെ മരണത്തെ ആത്മഹത്യയാക്കി ചിത്രീകരിക്കാൻ പോലീസ് ശ്രമിച്ചതിന്റെ ഭാഗമായി......... ഒരു പാവപ്പെട്ട പ്രവാസി നടത്തുന്ന ലോഡ്ജാണ്. അവിടെ വേശ്യാവൃത്തി അനുവദിക്കി ല്ലെന്ന് പറഞ്ഞതുകൊണ്ടാണ് അദ്ദേഹത്തെ ഗുണ്ടാസംഘം ആക്രമിച്ച് ഭീഷ ണിപ്പെടുത്തിയത്, നാട്ടുകാർക്കെല്ലാവർക്കുമറിയാം.. ആ വിഷയത്തിൽ പോസ്റ്റുമോർട്ടത്തിനു മുമ്പ് പ്രതികളെ സംബന്ധിച്ചൊരു നിലപാട് എടുത്തത് ജനം തടിച്ചുകൂടിയതിനെ തുടർന്ന് ജനങ്ങളുടെ അഭിപ്രായത്തിനനുസരിച്ച് പോലീസിന് മാറ്റേണ്ടി വന്നു. ഇവിടെ വട്ടിപ്പലിശക്കാരുടെ ഭീഷണിയെത്തു ടർന്ന് തിരുവനന്തപുരത്തുള്ള വെള്ളറടയിൽ പനച്ചമൂട്.....

<u>മി. സ്പീക്കർ</u>: നോ...നോ....പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഇതെല്ലാം തിരുവനന്തപുരത്തെ ഗുണ്ടാസംഘങ്ങളും പോലീസും തമ്മിലുള്ള ബന്ധമാണ് കാണിക്കുന്നത്.

മി. സ്പീക്കർ: നിങ്ങൾ തരുന്ന വിഷയം കൺസേൺഡ് മിനിസ്റ്റർക്ക് മാർക്ക് ചെയ്താൽ അതിനുള്ള ഉത്തരവുമായാണ് അദ്ദേഹം വരുന്നത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ജനുവരി 12-ന് രാത്രി കണ്ണേറ്റുമുക്ക് മുതൽ ഒരുപാട് സ്ഥലങ്ങളിൽ ഗുണ്ടാവിളയാട്ടം നടന്നു. ഗുണ്ടാവിളയാട്ടത്തെ സംബന്ധിച്ച് പൂജപ്പുര..................

മി. സ്പീക്കർ: നോ... നോ... അത് ശരിയല്ല. ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൗമ്യനായി നിന്നിട്ട് ഇങ്ങനെ ചെയ്യുന്നത് ശരിയല്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഫോർട്ട് പോലീസ് സ്റ്റേഷനിൽ മനുഷ്യവേട്ട. തിരുവനന്തപുരം നഗരത്തിൽ മാത്രമല്ല കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പോലീസും ഗുണ്ടകളും..........

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഞാൻ മൈക്ക് ഓഫ് ചെയ്യും. ........ശ്രീ. കെ. കെ. ജയചന്ദ്രൻ അത് ശരിയല്ല. ഇവിടെ ഏത് വിഷയത്തിനും ഞാൻ അടിയന്തരപ്രമേയം അനുവദിച്ചിട്ടുണ്ട്. മരണം സങ്കടകരമാണ്. എന്നാൽ ഇന്നത്തേത് അടിയന്തരപ്രമേയ വിഷയമായില്ല. എന്നിട്ടും ഞാൻ അനുവദിച്ചുതന്നപ്പോൾ കേരളം മുഴുവനുമുള്ള കാര്യങ്ങൾ പറയുന്നത് ശരിയല്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കോവളം ഭാഗത്ത് ലഹരിവിൽപ്പന സംഘത്തെയും മാഫിയാ സംഘത്തെയും കുറിച്ചുള്ള എത്ര വാർത്തയാണ് വന്നിട്ടുള്ളത്. തിരുവനന്തപുരം നഗരത്തിൽ ഭരണകക്ഷിയുടെ സൗകര്യത്തോടുകൂടിയും പോലീസിന്റേ സഹായത്തോടുകൂടിയും........

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... എന്നെ കൊണ്ട് മൈക്ക് ഓഫ് ചെയ്യിക്കരുത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഇതൊരു ഒറ്റപ്പെട്ട കേസല്ല. തിരുവനന്തപുരം നഗരത്തിൽ പോലീസിനെ പേടിച്ച് രണ്ട് ചെറുപ്പക്കാർ അരയിൽ ലുങ്കികെട്ടി ആത്മഹത്യ ചെയ്യേണ്ട ഗതികേടുണ്ടായത് പോലീസ് എന്തു ചെയ്താലും സംരക്ഷിക്കാൻ ഇവിടെ ഇങ്ങനെയൊരു ആഭ്യന്തരവകുപ്പ് ഉള്ളതുകൊണ്ടാണ്. ആഭ്യന്തര വകുപ്പിന്റെ രാഷ്ട്രീയവൽക്കരണത്തിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ ഈ സംവിധാനമാണ് തുടരുന്നത്. ആ സംവിധാനം തുടരുന്നതിന്റെ ഭാഗമായി രാഷ്ട്രീയവൽക്കരിക്കപ്പെട്ട, ക്രിമിനൽവൽക്കരിക്കപ്പെട്ട, മാഫിയവൽക്കരിക്കപ്പെട്ട, മണ്ഡരിവൽക്കരിക്കപ്പെട്ട ഒരു സംഘമായി കേരളത്തിലെ പോലീസ് മാറി. അതിന്റെ ഭാഗമായാണ് ഈ രണ്ട് ചെറുപ്പക്കാർ ആത്മഹത്യ ചെയ്യാനിടയായത്. ചെറുപ്പക്കാരുടെ ആത്മഹത്യ ഒറ്റപ്പെട്ട സംഭവമല്ല. കേരളത്തിലെ പോലീസ് സേനയുടെ മാഫിയാ ബന്ധത്തിന് ഏറ്റവും ഉത്തമ ഉദാഹരണമാണ്. ഈ രണ്ട് ചെറുപ്പക്കാരുടെ മരണത്തിന് ഉത്തരവാദികളായിട്ടുള്ള പ്രതികളാരാണെന്ന് കണ്ടെത്താനും അതിന്റെ പുറകിൽ പ്രവർത്തിച്ച ഭരണകക്ഷി സ്വാധീനത്തെ പുറത്തുകൊണ്ടുവരാനും ശക്തമായ നിലപാട് സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭ നിർത്തിവച്ച് വിശദമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ഇതൊന്നും ശരിയല്ല ശ്രീ. പി. ശ്രീരാമകൃഷ്ണൻ. ഒറ്റപ്പെട്ട സംഭവമൊന്നുമല്ല. നിങ്ങളുടെ മണ്ഡലത്തിൽ ഒരു സംഭവം വന്നപ്പോൾ രാവിലെ സബ്മിഷൻ അവതരിപ്പിക്കാൻ അനുമതി തന്നതാണ്. ഞാൻ ഈ സഭയിൽ ഒരുപാട് വർഷങ്ങളായി ഇരിക്കുന്നുണ്ട്. സഭയെ മിസ്‌യൂസ് ചെയ്യരുത്. മരണത്തിൽ നമുക്കെല്ലാവർക്കും ദു:ഖം ഉണ്ട്. പിന്നെ എന്തിനാണ് കഴക്കൂ

ട്ടത്ത് നടന്ന മരണവുമായി ബന്ധപ്പെട്ട് കാസർഗോഡ് വരെയുള്ള കാര്യങ്ങൾ പറഞ്ഞത്.

ഇവിടെ ഏത് വിഷയത്തിനാണോ അടിയന്തിരപ്രമേയാവതരണത്തിന് നോട്ടീസ് നൽകിയത് അതിനുമാത്രം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറഞ്ഞാൽ മതി.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, രണ്ട് ചെറുപ്പക്കാർ ആത്മഹത്യ ചെയ്ത സംഭവം വേദനാജനകമാണ്. പുതുവൽപുത്തൻവീട്ടിൽ ശ്രീ. വിനയന്റെ മകൻ ജിതിനെ കത്തികൊണ്ടിടി ക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ അയാൾ തുമ്പ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. പരാതി പോലീസ് സ്റ്റേഷനിൽ കൊടുത്താൽ ആ പരാതി രജിസ്റ്റർ ചെയ്യേണ്ട ചുമതല പോലീസിനുണ്ട്. അതുസംബന്ധിച്ച് പോലീസ് ആരെയും കസ്റ്റഡിയിൽ എടുത്തിട്ടില്ല. അവ രുടെ ബന്ധുക്കളെ പോലും ചോദ്യം ചെയ്തിട്ടില്ല. സ്വാഭാവികമായി ഒരു പരാതി കിട്ടിയാൽ കേസ് രജിസ്റ്റർ ചെയ്യേണ്ടത് പോലീസിന്റെ ചുമതലയാണ്. ഇന്നലെ സൈബർ കുറ്റവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്യാ ത്തതിന്റെ പേരിൽ ചേരാനല്ലൂർ എസ്.ഐ.യെ സസ്പെന്റ് ചെയ്ത സംഭവം നിങ്ങൾക്ക് അറിയാവുന്നതാണ്. പെറ്റീഷൻ കൊടുത്താൽ പോലീസ് സ്റ്റേഷ നിൽ കേസ് രജിസ്റ്റർ ചെയ്യേണ്ടി വരും. മരണപ്പെട്ട രണ്ട് പേരെയും കസ്റ്റഡി യിൽ എടുക്കുകയോ അവരുടെ ബന്ധുമിത്രാദികളെ ചോദ്യം ചെയ്യുകയോ ചെയ്തിട്ടില്ല. അങ്ങനെയുള്ള യാതൊരു നടപടിയും പോലീസിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല. വാദി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയി ലാണ്. ഇതിനെപ്പറ്റി മൊത്തത്തിൽ അന്വേഷിക്കാൻ വേണ്ടിയാണ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ വയ്ക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. അന്വേഷ

ണത്തിന്റെ റിപ്പോർട്ട് ലഭിച്ചാൽ പോലീസിന്റെ ഭാഗത്തുനിന്ന് കുറ്റമുണ്ടെങ്കിൽ ഒരു പോലീസുകാരനെയും സ്പെയർ ചെയ്യുന്ന പ്രശ്നമില്ല. പോലീസു കാർക്കെതിരെ നടപടി സ്വീകരിക്കും. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ കേസ് അന്വേഷിക്കുകയെ ന്നുള്ളതാണ്. ഗുണ്ടാ-മാഫിയാ സംഘങ്ങൾക്ക് ഒരുതരത്തിലുമുള്ള ആനുകൂ ല്യങ്ങൾ കൊടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. കേരളത്തിലെ ഗുണ്ടാ മാഫിയാ സംഘങ്ങളുടെയും ക്വട്ടേഷൻ സംഘങ്ങളുടെയും മേൽ ശക്തമായ നടപടി ഗവൺമെന്റ് എടുക്കുമെന്ന കാര്യത്തിൽ സഭയയ്ക്ക് ഉറപ്പുനൽകുക യാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യ മില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാ പ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കേരളത്തിൽ നടക്കുന്ന യഥാർത്ഥ സ്ഥിതിഗതി കളെ സംബന്ധിച്ച് ഒന്നുകൂടി ഗൗരവമായി മനസ്സിലാക്കാൻ ശ്രമിക്കണമെ ന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. പോലീസും യൂത്ത് കോൺഗ്രസ്സു കാരും ചേർന്ന് ജനങ്ങളെ ഭീഷണിപ്പെടുത്തി പണം പിരിക്കുന്നതിനുള്ള ശ്രമവും കള്ളക്കേസ്സെടുക്കുന്നതിനുള്ള ശ്രമങ്ങളും സംഘടിതമായി നടക്കുക യാണ്. അത് ഒരു സ്ഥലത്തല്ല പല സ്ഥലങ്ങളിലായി നടക്കുകയാണ്. ട്രെയിനിന്റെ മുമ്പിൽ തലവച്ച് മരിച്ച ചെറുപ്പക്കാരൻ എഴുതി വച്ചിരുന്ന ലെറ്റർ നോക്കിയാൽ മനസ്സിലാകും. ചെയ്യാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുമെന്ന

സ്ഥിതി വന്നിരിക്കുന്നതുകൊണ്ട് ജീവിച്ചിരിക്കാൻ ആഗ്രഹിക്കുന്നില്ലായെന്നുള്ള നിലയിലാണ് അദ്ദേഹം മരിക്കുന്നതിനുമുമ്പ് അങ്ങനെ എഴുതിവച്ചത്. ഇത്തരത്തിൽ ചെയ്യാത്ത കുറ്റത്തിന് രണ്ടുംമൂന്നും ലക്ഷം രൂപ ചോദിച്ച് ഭീഷണിപ്പെടുത്തുന്നതുപോലുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ നിലയിലുള്ള വസ്തുതകൾ പല സ്ഥലങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. ഭരണത്തിന്റെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് പോലീസും യൂത്ത് കോൺഗ്രസ്സുകാരും ചേർന്നുകൊണ്ട് ഇത്തരത്തിലുള്ള കൊള്ളരുതായ്മകൾ നടക്കുന്നുണ്ടെങ്കിൽ നിയന്ത്രിക്കുകയും ഇല്ലായ്മ ചെയ്യുകയും ചെയ്യേണ്ടത് ആഭ്യന്തര വകുപ്പിന്റേയും ഗവൺമെന്റിന്റെയും ചുമതലയാണ്. ആ നിലയിലുള്ള സമീപനം എടുക്കുമോ ഇല്ലയോയെന്നുള്ള കാര്യമാണ് ഞങ്ങൾക്കറിയാനുള്ളത്. അതില്ലെങ്കിൽ ഒരു പ്രതിഷേധമെന്നുള്ള നിലയിൽ വാക്കൗട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി, പോലീസും യൂത്ത് കോൺഗ്രസ്സുകാരും ചേർന്ന് ഇങ്ങനെയുള്ള സംഘടിതമായ ശ്രമം നടത്തുന്നുണ്ടോയെന്ന കാര്യം ആഭ്യന്തര വകുപ്പുമന്ത്രി ഗൗരവമായി അന്വേഷിച്ച് സഭയ്ക്ക് വിശദീകരണം നൽകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. വാക്കൗട്ടിനൊന്നും ഞങ്ങൾ തുനിയുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞ കാര്യങ്ങളുടെ ഗൗരവം സർക്കാർ പൂർണ്ണമായി ഉൾക്കൊണ്ടിട്ടുണ്ട്. നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരന്വേഷണം നടത്താൻ വേണ്ടിയാണ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ വച്ചിട്ടുള്ളത്. ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊരു മുൻവിധിയുമില്ല. ഇക്കാര്യം സത്യസന്ധമായി

അന്വേഷിച്ച് അതിന്റെ വിവരങ്ങൾ മനസ്സിലാക്കിയതിനുശേഷം അതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(ശ്രദ്ധക്ഷണിക്കൽ)